THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

## GRADE-5

## QUESTION BANK

## ANSWER KEY

## പാഠം -2

## സ്വർണവും മനുഷ്യനും

**I.** അർത്ഥം എഴുതുക

1. ധനാഢ്യൻ - സമ്പത്തുള്ളവൻ

2. മന - നമ്പൂതിരിമാരുടെ വീട്

3. വേളി - ഭാര്യ

4. അതിഥി - വിരുന്നുകാരൻ

5. പാണ്ഡിത്യം - അറിവ്

**II.** വിപരീതപദം എഴുതുക

6. ആശ X നിരാശ

7. ഉടമ X അടിമ

8.നശ്വരം X അനശ്വരം

9. പ്രഭാതം X പ്രദോഷം

10.രഹസ്യം X പരസ്യം

**III.** അർത്ഥവ്യത്യാസം എഴുതുക

11. ചേല - വസ്ത്രം

12.ചേല് - ഭംഗി

13.നേരം - സമയം

14.നേര് - സത്യം

**IV.** വാക്യത്തിൽ പ്രയോഗിക്കുക

15.. അത്ഭുതപ്പെടുത്തുക - മാന്ത്രികന്റെ മായാജാല പ്രകടനങ്ങൾ കാണികളെ അത്ഭുതപ്പെടുത്തി.

16..ഗൗരവത്തിൽ നിൽക്കുക- അക്രമികൾക്കു മുന്നിൽ പോലീസുദ്യോഗസ്ഥർ ഗൗരവത്തിൽ നിന്നു.

**V.** സർവ്വനാമം ഉപയോഗിച്ച് വാക്യം പൂർത്തിയാക്കുക

17. ആദ്യം വിവരം അറിഞ്ഞു വന്നത് ബന്ധുക്കളാണ് അവർ മറ്റുള്ളവരെയും അറിയിച്ചു.

18. രമ പുസ്തകം വാങ്ങി. അവൾ പുസ്തകം വീട്ടിൽ കൊണ്ടുവന്നു.

**VI.** ഉത്തരം കണ്ടെത്തുക

**19.** മുട്ടസ്സനമ്പൂതിരി ആധാരപ്പെട്ടി തലയിൽ വെച്ചു നിൽക്കാൻ കാരണമെന്തായിരുന്നു?

ആറാട്ടുപുഴ പൂരം കാണാൻ എത്തുന്നവരെല്ലാം ധാരാളം ആഭരണങ്ങൾ അണിഞ്ഞാണ് എത്താറുള്ളത്.തങ്ങൾക്ക് എത്ര സ്വത്തുണ്ട് എന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്തുന്നതിനാണ് ഇങ്ങനെ ചെയ്തിരുന്നത്.ജനങ്ങളുടെ ഈ ആഭരണഭ്രമം അവസാനിപ്പിക്കേണ്ടതാണ് എന്ന് തോന്നിയ നമ്പൂതിരി തന്റെ വീടിന്റെ സ്വത്ത് വിവരങ്ങൾ അടങ്ങിയ ആധാരപ്പെട്ടി തലയിലേറ്റി.അമിതമായി ആഭരണം ധരിച്ചെത്തുന്നവരെ കളിയാക്കുന്നതിനാണ് നമ്പൂതിരി ഇപ്രകാരം ചെയ്തത്.

**20.** നമ്പൂതിരി ആൽത്തറയിൽ കൂടിനിന്ന ജനങ്ങളോട് പറഞ്ഞത് എന്തായിരുന്നു?

ആധാരപ്പെട്ടി തലയിലേറ്റി നിന്ന നമ്പൂതിരി കൂടി നിന്ന ജനങ്ങളോട് ഇങ്ങനെ പറഞ്ഞു. "ഇത് എന്റെ ആധാരപ്പെട്ടിയാണ്. ഇത് തുറന്നുനോക്കിയാൽ എന്റെ തറവാട്ടിൽ എത്ര സ്വത്തുണ്ടെന്നറിയാം. ഞാൻ നിങ്ങളെപ്പോലെ ശരീരത്തിൽ ആഭരണങ്ങൾ അണിഞ്ഞിട്ടില്ല. എന്റെ വേളിയും സ്വർണത്തിൽ പൊതിഞ്ഞു വന്നിട്ടില്ല.അതുകൊണ്ടാണ് ഞാൻ ആധാരപ്പെട്ടി തലയിൽ ഏറ്റിയത്.

**21.** പൂരത്തിന് വന്നവർ എങ്ങനെയാണ് എത്തിയത്?

പൂരത്തിന് വന്നവരെല്ലാം ശരീരത്തിൽ പരമാവധി സ്വർണാഭരണങ്ങൾ അണിഞ്ഞാണ് വന്നത്. സ്വർണം കുറവുള്ളവർ രണ്ടോ മൂന്നോ വീട്ടിൽ നിന്നും കടം വാങ്ങി ആ പണ്ടങ്ങളുമണിഞ്ഞാണ് വന്നിരുന്നത്.